# EAM's visit to Japan 6-7 October, 2020

September 29, 2020

---

## വിദേശകാര്യമന്ത്രിയുടെ ജപ്പാൻ സന്ദർശനം 2020 ഒക്ടോബർ 6-7 തിയ്യതികളിൽ

സെപ്റ്റംബർ 29, 2020

ജാപ്പനീസ് വിദേശകാര്യമന്ത്രിയുമായുള്ള ഉഭയകക്ഷി പര്യാലോചനകൾക്കായി ഡോ. എസ്. ജയശങ്കർ ഒക്ടോബർ 6-7 തിയ്യതികളിൽ ജപ്പാനിലെ ടോക്കിയോ സന്ദർശിക്കും.പരസ്പരം താല്പര്യമുള്ള ഉഭയകക്ഷി-പ്രാദേശിക പ്രശ്നങ്ങൾ നേതാക്കൾ തമ്മിൽ ചർച്ച ചെയ്യുന്നതായിരിക്കും.

സന്ദർശനത്തിനിടയിൽ, 2020 ഒക്ടോബർ 6 ന് നടക്കുന്ന രണ്ടാമത് ഇന്ത്യ-ഓസ്ട്രേലിയ-ജപ്പാൻ-അമേരിക്ക മന്ത്രിതല സമ്മേളനത്തിലും വിദേശകാര്യമന്ത്രി പങ്കെടുക്കും, ഇതിൽ മുകളിൽ പരാമർശിച്ചിട്ടുള്ള രാജ്യങ്ങളുടെ വിദേശകാര്യമന്ത്രിമാർ പങ്കെടുക്കുന്നതായിരിക്കും.

പകർച്ചവ്യാധിയോടനുബന്ധമായി ഉരുത്തിരിയുന്ന വിവിധ പ്രതിസന്ധികളെ നേരിടുന്നതിനായി ആവശ്യമായ സഹകരണാടിസ്ഥാനത്തിലുള്ള പ്രതികരണത്തെക്കുറിച്ചും അന്താരാഷ്ട്ര നിയമങ്ങളെക്കുറിച്ചും വിദേശകാര്യമന്ത്രിമാർ ചർച്ച ചെയ്യുന്നതാണ്. ഇവർ പ്രാദേശികമായ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും സുതാര്യവും സ്വതന്ത്രവും സമഗ്രവുമായ ഇൻഡോ പസഫിക് പ്രവിശ്യയുടെ പ്രാധാന്യം ഉറപ്പാക്കുകയും ചെയ്യുന്നതായിരിക്കും.

ജപ്പാനിലേക്കുള്ള തന്റെ സന്ദർശനത്തിനിടെ ഓസ്ട്രേലിയ , അമേരിക്ക എന്നിവിടങ്ങളിലെ വിദേശകാര്യമന്ത്രിമാരുമായും ഇന്ത്യൻ വിദേശകാര്യമന്ത്രി ഉഭയകക്ഷി ചർച്ചകൾ നടത്തുന്നതാണ്.

**ന്യൂ ഡൽഹി**
**29 സെപ്റ്റംബർ , 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.